**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2101** **12-02-2024 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിലെ ലോവർ ഡിവിഷൻ ക്ലാർക്ക് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ വിവിധ വകുപ്പുകളിലേക്ക് ലോവർ ഡിവിഷൻ ക്ലാർക്ക് നിയമനത്തിന് കാറ്റഗറി നമ്പർ 207/2019 പ്രകാരമുള്ള പി.എസ്.സി. റാങ്ക് പട്ടിക നിലവിലുണ്ടോ; എങ്കിൽ അത് എന്ന് പ്രസിദ്ധീകരിച്ചുവെന്നും എത്രപേർക്ക് നാളിതുവരെയായി നിയമനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 01.08.2022 ന് പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ നിന്നും 620 ഉദ്യോഗാർത്ഥികൾക്ക് ഇതുവരെ പി എസ് സി നിയമനശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ലിസ്റ്റ് നിലവിൽ ഉള്ളപ്പോൾ ജില്ലയിൽ എൽ.എസ്.ജി.ഡി., വിദ്യാഭ്യാസം, സഹകരണം തുടങ്ങിയ വകുപ്പുകളിൽ കരാർ നിയമനവും ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനവും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം, ദിവസക്കൂലി/കരാർ നിയമനം മുതലായ താത്ക്കാലിക നിയമന രീതികളൊന്നും പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ള ഒരു തസ്തികയിലും അവലംബിക്കുവാൻ പാടുള്ളതല്ലെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദേശം നൽകിയിട്ടുണ്ട്. പി.എസ്.സി വഴി നികത്തേണ്ട തസ്തികകളിൽ മറ്റ തരത്തിലുള്ള നിയമനങ്ങൾ അനുവദനീയമല്ല. |
| (സി) | എറണാകുളം ജില്ലയിൽ പട്ടികജാതി വികസനം, തൊഴിൽ, ഭക്ഷ്യവിതരണം, ഗ്രാമവികസനം, നഗരസഭാ കോർപ്പറേഷൻ, വിദ്യാഭ്യാസം, സഹകരണം എന്നീ വകുപ്പുകളിൽ എൽ.ഡി. ക്ലർക്ക് തസ്തിക നിലവിൽ ഒഴിഞ്ഞ് കിടക്കുന്നത് മേധാവികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; ജില്ലയിൽ ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത ഓഫീസ് മേധാവികൾക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുമോ; പ്രസ്തുത ഡിപ്പാർട്ടുമെൻറുകളിലെ ജില്ലയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ അവ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നത് പരിശോധിക്കുവാനും, റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് .<br><br>കൂടാതെ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് വിവിധ കാര്യാലയങ്ങളിൽ നേരിട്ട് പരിശോധന നടത്തി, റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ ആയത് റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | വിവിധ വകുപ്പുകളിലായി എറണാകുളം ജില്ലയിൽ 01-01-2024 ൽ എത്ര എൽ.ഡി. ക്ലർക്കുമാരുടെ | (ഡി) | 01-01-2024 വരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ പി എസ് സി നിയമന ശിപാർശ ചെയ്യുവാനുള്ള |

| | | | |
|---|---|---|---|
| | ഒഴിവുകളാണ് നിലവിലുള്ളത്; വകുപ്പ് തിരിച്ചുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുമോ? | | വകുപ്പ് തിരിച്ചുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| Sl No | Department | No. of Vacancy |
|---|---|---|
| 1 | Industrial Training | 1 Fresh |
| 2 | PWD | 1 HQ Compensation |
| 3 | Agriculture | 1 Fresh |
| 4 | Judiciary (Civil) | 1 NJD |
| 5 | Land Revenue | 2 Supernumerary |
| 6 | LSG (Panchayat) | 3 Fresh |
| 7 | Treasuries | 1 Fresh |
| 8 | Animal Husbandry | 1 Fresh |
| 9 | Judiciary (Criminal) | 1 NJD |
| 10 | General Education (VHSE) | 1 Fresh |
| 11 | Rural Development | 2 HQ Compensation |
| 12 | Tourism | 1 NJD |
| 13 | Soil Survey & Soil Conservation | 1 Fresh |
| 14 | Health Services | 1 Fresh |